# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5593**

27-03-2018 ൽ മറുപടിയ്ക്ക്

## ചെറുകിട തുറമുഖങ്ങളില്ലടെയുള്ള ചരക്ക് നീക്കം ശക്തിപ്പെടുത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം. വിൻസെന്റ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലേക്കുള്ള റെയിൽ /റോഡ് കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ പോർട്ട് റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) | ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, അഴീക്കൽ , ബേപ്പൂർ എന്നീ തുറമുഖങ്ങളിലെ റയിൽ /റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ഇന്ത്യൻ പോർട്ട് റയിൽ കോർപ്പറേഷൻ പ്രാഥമിക സ്ഥല പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (ബി) | കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതിക്ക് സാഗർ മാല പദ്ധതിയിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ; എന്ത് തുകയാണ് ഈയിനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത് ? | (ബി) | കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടി, പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ കിട്ടുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. പ്രോജക്ട് കോസ്റ്റിന്റെ 50% ആണ് കേന്ദ്രവിഹിതമായി കിട്ടുന്നത്. |

സെക്ഷൻ ഓഫീസർ